LIBRARY ARCHIVES Kerala Legislative Assembly

പാലങ്ങളിലെ ടോൾ പിരിവ്

312(3237) ശ്രീ. കെ. രാധാകൃഷ്ണൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ ഏതെല്ലാം പാലങ്ങളിൽ ടോൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ; ഏതെങ്കിലും പാലങ്ങളിൽ പ്രദേശവാസികൾക്ക് ടോൾ സൗജന്യപാസ്സ് അനുവദിച്ചിട്ടുണ്ടോ ; ഇതിനു നഷ്ടപരിഹാരമായി കരാറെടുത്ത കമ്പനിക്ക് എത്ര തുകയാണ് നൽകിയത് ; തുക നിശ്ചയിച്ചത് എത്ര മാനദണ്ഡ പ്രകാരമാണെന്ന് അറിയിക്കാമോ ;

(ബി) പത്തുകോടിയിൽ താഴെ ചെലവുള്ള പാലങ്ങളെ ടോൾ പിരിവിൽ നിന്നും ഒഴിവാക്കാനുള്ള തീരുമാനം നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ ; ഇതുപ്രകാരം എത്ര പാലങ്ങൾ ടോൾ പിരിവിൽനിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ട് ;

(സി) സർക്കാർ വിജ്ഞാപനം വന്നിട്ടും ടോൾ പിരിവ് തുടരുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ടോൾ പിരിവിന് നിശ്ചിത സമയപരിധി നിർണ്ണയിച്ചിട്ടുണ്ടോ ; കാലാവധി കഴിഞ്ഞ പാലങ്ങളിൽ ടോൾ പിരിവ് തുടരുന്നുണ്ടോ ;

(ഡി) ടോൾ നിർണ്ണയത്തിലെ അപാകതകളും അനന്തമായി നീളുന്ന ടോൾ പിരിവുകളും അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ടോൾ ഏർപ്പെടുത്തിയിട്ടുള്ള പാലങ്ങളുടെ പേര് വിവരം അനുബന്ധമായി ചേർക്കുന്നു.* ചില പാലങ്ങളിൽ സൗജന്യപാസ് അനുവദിച്ചിട്ടുണ്ട്. നഷ്ടപരിഹാരം നൽകിയിട്ടില്ല.

(ബി) പത്തുകോടി രൂപയിൽ കുറവ് നിർമ്മാണച്ചെലവുള്ള പാലങ്ങളെ ടോൾ പിരിവിൽ നിന്ന് ഒഴിവാക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 7 പാലങ്ങളിലെ ടോൾ പിരിവ് നിർത്തിവച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടോൾ പിരിവിന് സമയപരിധി നിർണ്ണയിച്ചിട്ടുണ്ട്. കാലാവധി കഴിഞ്ഞ പാലങ്ങളിൽ ടോൾ പിരിവ് നടക്കുന്നില്ല.

(ഡി) സംസ്ഥാന പൊതുമരാമത്ത് വകുപ്പിലും, റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനിലും ടോൾ നിർണ്ണയത്തിൽ അപാകതയില്ല. ടോൾ പിരിവ് അനന്തമായി നീളുന്നില്ല.

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.